സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

June 2025
Vol. 1 Issue 4 pages 27-30

പാലൈ
PALAI பாலை
ISSN No: 3049-0316

# അഹമപി ഇതിഹാസപുരുഷഃ അസ്മി.



**ഡോ. പ്രിൻസ് മോൻ ജോസ്**

**സംഗ്രഹം**

ജാതീയതയേയും വംശീയതയേയും നിയന്ത്രിച്ചിരുന്ന സവർണ അധികാരത്തിന്റെ രഹസ്യനിഗൂഢകളെ തിരിച്ചറിയുകയും അവയെ അനാച്ഛാദനം ചെയ്ത് വെളിപ്പെടുത്തുകയും ചെയ്തിട്ടുള്ള ധാരാളം മുന്നേറ്റങ്ങൾ സാമൂഹികതലത്തിലും സാംസ്കാരിക തലത്തിലും സാഹിത്യലോകത്തും ഉണ്ടായിട്ടുണ്ട്. ഈ മുന്നേറ്റങ്ങൾ പല ഇതിഹാസ പ്രതിഷ്ഠകളേയും തകിടം മറിക്കുകയും നൂതനമായ ചിന്താസരണികളെ രൂപപ്പെടുത്തുകയും ചെയ്തു. ഒപ്പം പൂർവ്വകാലചരിത്രത്തിന്റെ ബദൽ സ്വരൂപങ്ങളായി അവ പുനഃസൃഷ്ടിക്കപ്പെടുകയും പുതുചരിത്രമാവുകയും ചെയ്തു. ഇപ്രകാരം പുതുചരിത്രമായി രചിക്കപ്പെട്ട പെരും ആൾ എന്ന നോവലിന്റെ അപഗ്രഥനവും വിശകലനവുമാണ് ഈ പ്രബന്ധത്തിന്റെ ഉള്ളടക്കം. ഒപ്പം പുതിയ സാമൂഹികബോധ്യങ്ങളുടെ ഉണ്മയും ഈ കൃതി വെളിപ്പെടുത്തുന്നു.

**താക്കോൽ വാക്കുകൾ:** കാനോനീകരണം - വംശീയം - അപനിർമിക്കുക - അപപാഠങ്ങൾ - തമസ്കരിക്കുക

അടിമത്തത്തിനും ഇതരസംസ്കൃതിയെ കീഴടക്കുന്നതിനും ഉള്ള ഉപകരണങ്ങളായി പടിഞ്ഞാറൻ ബുദ്ധിജീവികൾ സാഹിത്യാദിഗവേഷണങ്ങളെയും ചരിത്രരചനകളെയും ഉപയോഗിക്കുന്നതായി ഗായത്രി ചക്രവർത്തി സ്പിവാക്ക് നിരീക്ഷിച്ചിട്ടുണ്ട്. ഇവയുമായി ബന്ധിപ്പിച്ച് വിശകലനം ചെയ്യുമ്പോൾ ഭാരതീയഇതിഹാസങ്ങളുടെ നിർമിതിയെ നിയന്ത്രിച്ച ചേതന വംശാധിഷ്ഠിതമായ ചില കാനോനികരണങ്ങളായിരുന്നു എന്നു കണ്ടെത്താവുന്നതാണ്. പൗരാണികകാലം മുതൽതന്നെ വംശം, ലിംഗം, സംസ്കാരം എന്നിവയിലെല്ലാം തന്നെ ഉത്തമം, അധമം എന്നിങ്ങനെ വർഗീകരണങ്ങൾ ഉണ്ടായിരുന്നു. ഇവ വർണത്തെ അടിസ്ഥാനമാക്കി കൂടുതൽ വംശീയമായി പ്രത്യക്ഷീകരിക്കപ്പെട്ടു. ദേവൻമാർ, അസുരൻമാർ എന്ന ദ്വന്ദങ്ങൾ തന്നെ ഈ കാനോനികരണത്തിന്റെ ഉല്പന്നങ്ങളാണ്. ശുഭ്രനിറം, ധർമം, നീതി ഇവയെല്ലാം ദേവൻമാരുടെ വേഷഭൂഷാദികളായപ്പോൾ കറുപ്പുനിറവും അധർമവും അനീതിയും രക്തവുമെല്ലാം അസുരന്മാർക്ക് അലങ്കാരങ്ങളായി. ഇവ കുലങ്ങളിലേക്ക് വ്യാവർത്തിച്ചപ്പോൾ ആര്യസംസ്കാരം ഉത്തമമായും ദ്രാവിഡസംസ്കാരം അധമമായും നിർവ്വചിക്കപ്പെട്ടു. ഇവ അനേകകാലം സംസ്കാരത്തെ നയിക്കുകയും സമൂഹത്തിന്റെ വിചാരധാരകളെ നിയന്ത്രിക്കുകയും ചെയ്തു. എന്നാൽ ഈ

* അസി.പ്രൊഫസർ, സെന്റ് തോമസ് കോളേജ് പാലാ ഓട്ടോണമസ്
Email: princemonjose@gmail.com

 ISSN No: 3049-0316 

അർത്ഥത്തെ അപനിർമിക്കുന്ന വെളിപാടുകൾ വർത്തമാനകാലത്ത് ഇന്നു സംഭവിച്ചുകൊണ്ടിരിക്കുന്നു. ഈ പരിവർത്തനത്തിന്റെ ധാരയെ പ്രബലമാക്കുന്ന രമേശൻ ബ്ലാത്തൂരിന്റെ നോവലാണ് പെരുംആൾ.

ആര്യാധിനിവേശത്തിന്റെ അധികാരവാഞ്ഛയേയും കുടിലതകളെയും തിരിച്ചറിയുകയും പ്രതിരോധിക്കുകയും ഒപ്പം ദ്രാവിഡവംശത്തിന്റെ ആത്മബോധത്തെ ഉയർത്തിപ്പിടിക്കുകയും ചെയ്ത രാവണന്റെ ഐതിഹാസിക ജീവിതത്തെ അടയാളപ്പെടുത്തുന്ന രചനയാണ് പെരുംആൾ. ഇതിഹാസങ്ങളും ചരിത്രവും നിർമിച്ച ശരികളെ അപനിർമ്മിക്കുകയും ഈ അപപാഠങ്ങളെ സാംസ്കാരികചിന്തകളുടെ മുഖ്യധാരയിലേക്ക് നവചിന്താപദ്ധതിയായി നിക്ഷേപിക്കുകയും ചെയ്ത ആഖ്യാനമാണ് ഈ കൃതി മുന്നോട്ടുവയ്ക്കുന്നത്. പ്രബലവംശഗാഥകളെയും ഗോത്രചേതനകളെയും പറ്റി പാടിപ്പുകഴ്ത്തുന്ന ചരിത്രത്തിന്റെ അധികാരസങ്കേതങ്ങളെ നിരാകരിക്കുകയും ഇവർ തമസ്കരിക്കരിക്കുകയോ, ആക്രമിക്കുകയോ ചെയ്ത കുലങ്ങളുടെ കരുത്തിന് ഉയിരാകുകയോ ചെയ്ത മുന്നേറ്റമാണ് ഈ നോവൽ. കാനോനികരിക്കപ്പെട്ട സംസ്കാരത്തിന്റെ അധികാരത്തിനെതിരെ രൂപപ്പെടുന്ന ബദൽ കാനോനികരണവും പ്രതിലോമചിന്തകളുമാണ് ഈ കൃതിയിലൂടെ പ്രകാശിതമാകുന്നത്.

ഇതിഹാസകാരൻ പ്രതിനായകനായും അസൻമാർഗിയുമായും ചിത്രീകരിച്ച രാവണന്റെ നിലപാടുകൾക്ക് ശരികളുണ്ടെന്നും ന്യായീകരണങ്ങളുണ്ടെന്നും നോവലിസ്റ്റ് കണ്ടെത്തുന്നു. രാവണൻ പ്രതിനിധാനം ചെയ്യുന്ന വംശത്തിന് അവമതികൾ ഏൽക്കേണ്ടിവന്നിട്ടുണ്ട്. ഇതിൽനിന്നുള്ള ഒരു കുലത്തിന്റെ ഉയർത്തെഴുന്നേല്പ്പിന്റെ ഇതിഹാസമാണ് ഈ നോവൽ. ദളിത്-സ്ത്രീമുന്നേറ്റങ്ങളും വിഭിന്നലിംഗാവബോധവും അംഗീകരിക്കപ്പെടുന്ന വർത്തമാനകാലത്ത് പഴയ ഇതിഹാസങ്ങൾ മുന്നോട്ടു വയ്ക്കുന്ന ചരിത്രപാഠങ്ങളെയും പൊളിച്ചെഴുതേണ്ടതുണ്ട്. ഈ തിരിച്ചറിവാണ് ആഖ്യാതാവിനെ മുന്നോട്ടുനയിക്കുന്നത്. അങ്ങനെ രാവണനും ഇതിഹാസപുരുഷനായി മാറുന്നു. ബദൽ ഇതിഹാസ നിർമിതിയുടെ പാഠാന്തരങ്ങൾ ഇവിടെ രൂപപ്പെടുകയും ചെയ്യുന്നു.

വംശസ്നേഹികളും വർഗവഞ്ചകരും ചേർന്ന് നിർമിക്കുന്ന കുലചരിത്രത്തിന്റെ പരിണതികളെ വിധിനിർണയത്തിനുള്ള വസ്തുതകളാക്കി വായനക്കാരന്റെ മുമ്പിൽ അവതരിപ്പിക്കുകയും ഒപ്പം സ്വന്തം നിലപാടുകളെ ഭയലേശമെന്യേ അവതരിപ്പിക്കുകയും ചെയ്യുന്ന ആർജ്ജവം നോവലിന്റെ കരുത്താണ്. ഇത് വിഗ്രഹഭഞ്ജകവും തീക്ഷ്ണവും പഴയചരിത്രസത്തകളെ തച്ചുതകർക്കുന്നതുമാണ്. കുലദ്രോഹികളുടെയും അധീശത്വവംശത്തിന്റെയും ഗൂഢാലോചനകൾക്ക് ഇരയാക്കപ്പെടുന്ന ദുർബലസാംസ്കാരികത ഇവിടെയുണ്ട്. ഇവർ കുറ്റക്കാരന്റെയും അധർമിയുടെയും പക്ഷത്തുനിന്നും മാറി കരുത്തുനേടുന്നതും ചരിത്രം വിരചിക്കുന്നതുമെല്ലാം അന്തർധാരയായി ഈ നോവലിൽ നിറയുന്നു. അവയുടെ അന്വേഷണമാണ് ഈ പഠനം മുന്നോട്ടുവയ്ക്കുന്നതും.

പെരും ആൾ ആയ രാവണൻ, രാമനെപ്പോലെതന്നെ തലയെടുപ്പുള്ളവനും, വേദത്തിന്റെയും ജ്ഞാനത്തിന്റെയും മറുകര കണ്ടവനുമാണ്. രാവണൻ ഒരിക്കലും പരാജയപ്പെട്ടവനല്ല. മരണം വരെ ആത്മാഭിമാനത്തോടെ ധീരതയോടെ ശത്രുവിനെതിരെ പോരാടിയവനാണ്. രാവണൻ ചെയ്ത ഓരോ പ്രവർത്തിക്കും അദ്ദേഹത്തിന്റേതായ ന്യായീകരണങ്ങളുണ്ടായിരുന്നു. സീതാപഹരണത്തിലേക്കു നയിച്ചതുപോലും ശൂർപ്പണഖ അനുഭവിച്ച അപമാനത്തിന് പ്രതികാരം തീർക്കാനായിരുന്നു. ഒപ്പം കാലാകാലങ്ങളായി തങ്ങളുടെ വംശം അനുഭവിക്കുന്ന അവമതികൾക്കെതിരെയുള്ള അമർഷവും ഒപ്പമുണ്ടായിരുന്നു. ബാലനായിരുന്നപ്പോൾ വിദ്യതേടി ഗുരുസമക്ഷം ചെന്നതുമുതൽ അനുഭവിച്ച അനീതിയുടെയും അപമാനത്തിന്റെയും തീവ്രത ആര്യസംസ്കാരത്തോടുള്ള അമർഷമായി ഉയരുകയാണ്. നിന്റെ കുലമേതാണ്. പുലസ്ത്യന്റെ വംശം. വിശ്രുവസ്സാണ് പിതാവ്, അമ്മയുടെ കുലം പറയൂ കറുമ്പാ, കൈകസിയാണമ്മ, രാക്ഷസകുലത്തിൽ, മറുപടികേട്ട ആചാര്യരും കൂടെയായിരിക്കുകയായിരുന്ന വെളുത്തതാടിക്കാരും തുടകളിൽ കൈയ്യടിച്ച് നിർത്താതെ ചിരിക്കാൻ തുടങ്ങി. രാക്ഷസക്കുട്ടി, നീയ് ബ്രഹ്മജ്ഞാനമല്ല നേടേണ്ടത്. ശാസ്ത്രങ്ങളല്ല പഠിക്കേണ്ടത്. മാനിനെ കല്ലെറിഞ്ഞ് പിടിക്കാനാണ്. പൊയ്ക്കോളൂ. അപമാനിതനായ ആ ബാലന് ദൈത്യസ്ത്രീയും ചാരിത്ര്യത്തിനു മീതേയുള്ള മേലാളന്റെ ചിരിയുടെ അർത്ഥവും തിരിച്ചറിയാനായില്ല. പിന്നീട് തിരിച്ചറിഞ്ഞപ്പോൾ മുതൽ വളർന്ന പ്രതികാരത്തിന് ന്യായീകരണമുണ്ട്. രാവണനെന്ന വ്യക്തിയിൽ രാക്ഷസഭാവം ഉണർന്നിട്ടുണ്ടെങ്കിൽ അതിനുകാരണം വൈദികസംസ്കാരത്തിന്റെഅധർമ്മങ്ങൾ തന്നെയാണെന്ന് നോവലിസ്റ്റ് പറഞ്ഞുവയ്ക്കുന്നു.

ശൂർപ്പണഖ അഭിസാരികയായി അലഞ്ഞുനടന്നതിൽ തനിക്കും പങ്കുണ്ട്. അതിന് കാരണമായ സ്വന്തം പിഴവുകൾ ഏറ്റുപറയാനും മടിക്കുന്നില്ല രാവണൻ. ശൂർപ്പണഖയുടെ ഭർത്താവായ വിദ്യുദ്ജിഹ്വനെ സ്വന്തം കൈകൾകൊണ്ട് വധിക്കേണ്ടി വന്നു. ഇതിനും അദ്ദേഹത്തിന് കാരണമുണ്ട്.ദൈത്യവർഗത്തെ ഒറ്റുകാർ-കാലകേയൻമാർ, അവർ ദൈത്യദേവതകളുടെ വിഗ്രഹങ്ങൾ വലിച്ചെറിഞ്ഞ് ഇന്ദ്രപ്രതിഷ്ഠ നടത്തി. സ്വത്വം തിരിച്ചറിയാത്ത അടിമപ്പുഴക്കൾ. ബ്രാഹ്മണരുടെ തന്ത്രം ഫലിച്ചു.കുലങ്ങളെ തമ്മിൽതല്ലിച്ച് കാര്യങ്ങൾ നേടാൻ സാധിച്ചു. അവരോട് ചേർന്ന് എനിക്കെതിരെയും നമ്മുടെ വംശത്തിനെതിരെയും നിലകൊണ്ടു, വിദ്യുദ്ജിഹ്വൻ. അവനെയും കൊന്ന് കാലകേയൻമാരെയും വധിച്ചതിനുശേഷമാണ് രാവണൻ അന്ന് അശ്മപത്തനത്തിൽ നിന്നു മടങ്ങിയത്. അന്നു മുതലാണ് ശൂർപ്പണഖ വഴിതെറ്റി സഞ്ചരിച്ചുതുടങ്ങിയത്. സ്വന്തം സഹോദരിയെ ഓർത്ത് രാവണന് വിദ്യുദ്ജിഹ്വനെ വധിക്കാതെ വിടാമായിരുന്നു. എന്നാൽ സ്വന്തം വംശത്തിന്റെ യശസ്സിനെ ഓർത്ത് അതിൽനിന്നു രാവണൻ പിൻമാറുകയാണ്.

ശൂർപ്പണയുടെ ശയ്യാരഹസ്യങ്ങൾ പാട്ടായപ്പോൾ അത് രാവണൻ അമ്മയോടു പറഞ്ഞു. ശാസിച്ച അമ്മയോട് - ജ്യേഷ്ഠന് പത്നിയും സപത്നിയും ഉണ്ടല്ലോ. പിന്നെന്തിന് എണ്ണമില്ലാത്ത വെപ്പാട്ടികളെ അരമനയിൽ പോറ്റുന്നു. ഞങ്ങൾ രണ്ടുപേരുടെയും ഞരമ്പുകളിലെ രക്തമൊന്നുതന്നെയാണ്. അമ്മ ആദ്യം മകനെ ഉപദേശിക്കു, സ്വയം നിയന്ത്രിക്കാൻ. കൊട്ടാരത്തിലെ ഗന്ധർവികൾ, നാഗികൾ, മഹർഷിപുത്രിമാർ, വൈഷ്ണവപെൺകൊടിമാർ എന്നിവരുടെ ദേവസൗന്ദര്യത്തിൽ മുഴുകിയല്ല രാവണനവരെ പോറ്റുന്നത്. രാവണൻ വൈഷ്ണവൻമാരുടെ മേൽ നേടിയ വിജയങ്ങളുടെ കൊടിക്കുറകളാണ് അവർ. ഇതിന്റെ അർത്ഥവും ആഴവും മനസിലാക്കാൻ ശൂർപ്പണഖയ്ക്കാവില്ല.

സ്വന്തം അനുജൻ വർഗവഞ്ചന കാട്ടിയപ്പോഴും സംയമനം പാലിച്ചു രാവണൻ. ഇന്ദ്രജിത്ത് അന്നേ പറഞ്ഞതാണ് പാലുകൊടുത്തു വളർത്തുന്ന സർപ്പമാണ് ഇളയച്ഛനെന്ന്. സോദരസ്നേഹത്താൽ ചെവിക്കൊണ്ടില്ല. സോദരൻ മാത്രമായി കണ്ടിട്ടില്ല. പിതൃസ്ഥാനത്തുനിന്നു ലാളിച്ചു വളർത്തിയതാണ്. ആ വാത്സല്യം പോലും തിരിച്ചറിയാതെയാണ് വിഭീഷണൻ രാമപക്ഷത്തു ചേർന്നത്. രാവണൻ ധർമ്മസ്ഥനല്ല എന്ന് നിരന്തരം വിമർശിക്കുമ്പോഴും വിഭീഷണൻ സ്വന്തം കുലത്തെ ചതിച്ച് അധർമം ചെയ്യുവനാണ്. എന്നാൽ രാവണൻ സഹോദരനോടുള്ള നീതി എന്നും പുലർത്തി. ബന്ധുജനത്തെ ഹനിക്കാനല്ല, ഐശ്വര്യത്താൽ ദീപ്തമാക്കാനേ രാവണനറിയൂ. അതുകൊണ്ട് വിഭീഷണന്റെ വാക്കിനു ബഹുമാനം നല്കി. അക്ഷകുമാരനെ കൊന്ന, അശോകവനിയും മന്ദിരവും നശിപ്പിച്ച ഹനുമാനെ വെറുതെ വിടാൻ രാവണൻ തയാറായി. അങ്ങനെ വ്യക്തിപ്രഭാവത്തിൽ ഓരോസന്ദർഭത്തിലും നമ്മെ അത്ഭുതപ്പെടുത്തി ധർമ്മനിഷ്ഠയോടെ രാവണൻ. രാമായണത്തിൽ വ്യക്തിപ്രഭാവത്തിന്റെ ഔന്നത്യത്തിൽ പ്രതിഷ്ഠിക്കപ്പെട്ട വിഭീഷണൻ പക്ഷേ ഈ നോവലിലേക്കെത്തുമ്പോൾ ഒളിമങ്ങിയ ഒറ്റുകാരനായി മാത്രമായി അധഃപതിക്കുകയാണുണ്ടായത്.

വർഗ്ഗവഞ്ചനയ്ക്ക് ഇരയാക്കപ്പെട്ട രാവണനേപ്പോലെ തന്നെ മറ്റു കഥാപാത്രങ്ങളും ഈ നോവലിലുണ്ട്. വാനരരാജാവായ ബാലി. എല്ലാ യുദ്ധനീതിയും ബലികൊടുത്തപ്പോൾ ഇരയായി തീർന്നവനാണവൻ. പിന്നിൽ നിന്നും ആയുധമേറ്റ് നിലംപതിച്ചവൻ. അവന്റെ ചരിതത്തിന്റെ പ്രഭാവമാർന്ന വീണ്ടെടുപ്പും കൂടിയാണ് ഈ നോവൽ മുന്നോട്ടുവയ്ക്കുന്നത്. ഇനിയുമുണ്ട് സമാനമായ കഥാപാത്രങ്ങൾ. മാരീചന്റെ അമ്മയായ താടക. ശൂദ്രമുന്നേറ്റത്തിന് പുതിയഗാഥ രചിച്ച പെൺകോയ്മയായിരുന്നു അവൾ. തന്റെ രാജ്യാതിർത്തിയിലേക്ക് ഒരു ബ്രാഹ്മണനെപ്പോലും കടത്തിവിടാത്തവളായിരുന്നു താടക. ഇതിനിടയിൽ ഗംഗാതീരത്ത് യാഗം നടത്തിയ കൗശികമുനിയുമായി ഏറ്റുമുട്ടാനും യാഗം കലക്കാനും അവൾ തുനിഞ്ഞു. തങ്ങളുടെ ഭൂഭാഗത്തിലേക്ക് അതിക്രമിച്ചു കയറിയതിനെതിരെയുള്ള പ്രതിരോധം കൂടിയായിരുന്നു അത്. ഇതിഹാസങ്ങളിലാകട്ടെ താടക ഇകഴ്ത്തപ്പെടുന്നത് തന്നെ യോഗീവര്യന്മാരോട് എതിരിട്ടു എന്നതുകൊണ്ടുതന്നെയാണ്. അതിന് താടകയെ പ്രേരിപ്പിച്ചത് ആര്യഅതിക്രമവും അധിനിവേശങ്ങളും ആണെന്നത് ഇതിഹാസകാരൻ മറന്നുപോകുന്നു. മനഃപൂർവ്വമുള്ള ഈ ഓർമ്മപ്പിശകിന്റെ സാംഗത്യം തിരിച്ചറിഞ്ഞുള്ള വിമർശനവും ചില നഗ്നസത്യങ്ങളുടെ അനാവരണവുമാണ് നോവലിസ്റ്റ് ഈ രചനയിലൂടെ വീണ്ടെടുക്കുന്നത്. അരണ്യനെ വധിച്ചു മടങ്ങുമ്പോൾ രാവണൻ താടകയെ പരിചയപ്പെടുന്നുണ്ട്. അപ്പോൾ ആര്യന്മാരുടെ ആക്രമണത്തെപ്പറ്റി വികാരത്തള്ളലോടെയാണ് ആ അമ്മ സംസാരിച്ചത്, എന്നത് ഈ യാഥാർത്ഥ്യങ്ങൾക്ക് അടിവരയിടുന്നു.

 ISSN No: 3049-0316 

തന്നെപ്പോലെതന്നെ ഇരയാക്കപ്പെട്ട മഹാബലിയെ ശുക്രാചാര്യൻ വഴി രാവണൻ പരിചയപ്പെടുന്നുണ്ട്. മാരീചന്റെ അനുഭവങ്ങൾ അടുത്തറിടുന്നുണ്ട്. ഇവയെല്ലാം ചേർന്ന ആയമാണ് രാവണന് അടരാടാൻ കരുത്തുനല്കുന്നത്. മക്കളും, സഹോദരങ്ങളും നഷ്ടപ്പെട്ടപ്പോഴും, വിഭീഷണൻ ചതിച്ചപ്പോഴും, വാനരൻ ഭാര്യയെ അപമാനിച്ചപ്പോഴും യുദ്ധമുഖത്തുനിന്നു പിൻമാറാൻ അദ്ദേഹം തയാറായില്ല. അത്രമേൽ വീരനും ഇതിഹാസപുരുഷനുമായിരുന്നു രാവണൻ. ദ്രാവിഡപക്ഷത്തിന്റെ ഇതിഹാസനായകൻ.

ഭാരതത്തിന്റെ ചരിത്രമെഴുത്തുരീതിക്ക് ഐതീഹ്യങ്ങളുടെയും ഇതിഹാസങ്ങളുടെയും മുഖച്ഛായയുണ്ട്. യഥാർത്ഥത്തിൽ ചരിത്രത്തെ അതിന്റെ ശരിയായ അർത്ഥത്തിൽ കാണുകയും അതിന്റെ ലക്ഷ്യത്തിൽനിന്നു വ്യതിചലിക്കാതെ അതിനെ കഥാരൂപേണ പറയുകയും ചെയ്യു മഹത്തായ പാരമ്പര്യമായിരുന്നു അത്. ഇതിന് ഇതിഹാസം എന്ന പേർ അവർ നല്കി. ഇതി ഹന്ന് ആസ്തേ- ഇങ്ങനെ ഇവിടെ ഉണ്ടായിരിക്കുന്നു എന്നാണ് ഇതിഹാസം എന്ന പദത്തിനർത്ഥം. എന്നാൽ ഈ ഇതിഹാസനിർമ്മിതിയിലും പക്ഷപാതത്തിന്റെ ചേരുവകളുണ്ടായിരുന്നു. ചില രത്നങ്ങൾക്ക് ശോഭ നല്കുകയും ചില രത്നങ്ങൾക്ക് ശോഭയേകാതെയും ഇവർ അടയാളപ്പെടുത്തി. ഇതിനു പിന്നിലുള്ള ചേതോവികാരം ആര്യ-ബ്രാഹ്മണഭക്തി ഒന്നുമാത്രമായിരുന്നു. ജാതീയ അടിച്ചമർത്തലിന്റെ സവർണമുഖമായിരുന്നു ഇവ പ്രതിനിധാനം ചെയ്തിരുന്നത്. ഈ യാഥാർത്ഥ്യത്തെ അനാവരണം ചെയ്യുകയും ഒപ്പം ഇതിനു ബദലായി പുതുഇതിഹാസനിർമ്മിതിയെ സുസാധ്യമാക്കിയിരിക്കുകയുമാണ് രമേശൻ ബ്ലാത്തൂര് ചെയ്തിരിക്കുന്നത്.

## സഹായകഗ്രന്ഥങ്ങൾ

1. പെരും ആൾ, രമേശൻ ബ്ലാത്തൂര്, ഡി.സി ബുക്ക്സ് കോട്ടയം, 2010
2. നിരാകരണത്തിന്റെ നാനാർത്ഥം - ഡോ. കെ.കെ. ശിവദാസ് ഗ്രീൻ ബുക്ക്സ് തൃശ്ശൂർ, 2016
3. സമകാലികസാഹിത്യവിമർശനം, ഡോ. തോമസ് സ്കറിയ ബുക്ക് മീഡിയ കോട്ടയം, 2014
4. A Critique of Postcolonial Reason, Gayatri Chakravrty spivak, Harvard University Press Cambridge, London, England, 1999.